പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.198

08.12.2015-ൽ മറുപടിയ്ക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ റിവൈവൽ, റിഫോം , റി സ്ട്രക്ചറിംഗ് പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>,, പാലോട് രവി<br>,, എം.എ. വാഹീദ്<br>,, അൻവർ സാദത്ത് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിവൈവൽ, റിഫോം, റി സ്ട്രക്ചറിംഗ് പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; | (എ) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കി വരികയാണ്.<br><br>ഇതിൻെറ ഭാഗമായി ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പാക്കേജുകളാണ് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം തന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പാക്കേജിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ പുനരുദ്ധാരണ പാക്കേജുകൾ നടപ്പിലാക്കുക മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ |

സാങ്കേതിക വിദ്യകൾ കൊണ്ടുവരികയും അതുവഴി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, സ്ഥാപനങ്ങളെ ആഗോളതലത്തിൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുമാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

| | |
|---|---|
| **(സി)** പ്രസ്തുത പാക്കേജ് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | **(സി)** പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിവരുന്നു. |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ / ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികളുടെയും സ്ഥാപനത്തിന്റെ പ്രവർത്തനപുരോഗതിയും വ്യവസായ വകുപ്പ് മന്ത്രിതലത്തിലും, പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ